പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3252 — 29/01/2014-ലെ മറുപടിക്ക്

## മിൽമയുടെ കീഴിലുള്ള സൊസൈറ്റികളിലെ സേവന – വേതന വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) മിൽമയുടെ കീഴിലുള്ള ഭൂരിഭാഗം സൊസൈറ്റികളും സഹകരണ നിയമത്തിന്റെ 80 – ാം വകുപ്പ് പ്രകാരമുള്ള സേവന – വേതന വ്യവസ്ഥകൾ നടപ്പിലാക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ക്ഷീരസംഘങ്ങളുടെ രജിസ്ട്രാറായ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ഭൂരിഭാഗം സംഘങ്ങളിലും 80 – ാം വകുപ്പ് പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ട്. ആയത് ഇനിയും ചുരുക്കം ചില സംഘങ്ങളിൽ നടപ്പിലാക്കാനുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മിൽമയുടെ കീഴിലുള്ള സൊസൈറ്റികളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കാമോ ; | (ബി) | ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ ഭരണ നിയന്ത്രണത്തിലുള്ള ആപ്കോസ് സംഘങ്ങളിൽ 8200 ഓളം ജീവനക്കാരുണ്ട്. |
| (സി) സഹകരണ നിയമത്തിന്റെ 80 – ാം വകുപ്പ് പ്രകാരമുള്ള സേവന – വേതന വ്യവസ്ഥകൾ അടങ്ങുന്ന ശമ്പളപരിഷ്കരണം മിൽമയുടെ കീഴിലുള്ള സൊസൈറ്റികളിലും നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കാമോ ? | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ